# മടവൂർ വിഭാഗം സലഫികളോ...?!

## ഭാഗം - 5

## കളവുകളും തട്ടിപ്പുകളും

അബ്ദുൽമാലിക് മൊറയൂർ

സലഫുകളുടെ തെളിമയാർന്ന പാതയിൽ നിന്ന് ഏറെ വിദൂരത്തിൽ സഞ്ചരിക്കുന്ന കേരളത്തിലെ മടവൂരികൾ അല്ലാഹുവിന്റെ സ്വിഫത്തിന്റെ (വിശേഷണങ്ങൾ) വിഷയത്തിൽ ശുദ്ധ മുഅ്തസിലിയ്യത്തും ജഹ്മിയ്യത്തും ആദർശമായി സ്വീകരിച്ചവരാണ് എന്ന യാഥാർത്ഥ്യം നിരവധി തെളിവുകൾ സഹിതം നാം തെളിയിച്ചിരുന്നു.[1] പ്രസ്തുത ലേഖനത്തിന് മറുപടിയെന്നോണം മടവൂർ വിഭാഗം അവരുടെ വാരികയിൽ 2009 മെയ് 15ന് ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സലഫികളെ ആദർശം കൊണ്ട് നേരിടാൻ ത്രാണിയില്ലാത്ത ഇവർ നിരവധി കളവുകളും തട്ടിപ്പുകളും കുത്തി നിറച്ചാണ് പ്രസ്തുത ലേഖനം എഴുന്നള്ളിച്ചിരിക്കുന്നത്. മടവൂരീ പുരോഹിതൻമാർ സലഫീ ആദർശത്തിൽ നിന്ന് ഏത്ര വിദൂരത്താണെന്നും അവരുടെ 'തെളിവുകൾ' ചിലന്തി വലയേക്കാൾ ദുർബ്ബലമാണെന്നും വായനക്കാർക്ക് ശരിക്കും ഗ്രഹിക്കാനുതകുന്ന രൂപത്തിലാണ് ഇവരുടെ മറുപടി. ഇനി, രണ്ട് പേജുള്ള പ്രസ്തുത ലേഖനത്തിലെ തട്ടിപ്പുകളും നുണകളും ഓരോന്നായി നമുക്ക് പരിശോധിക്കാം.

ആദ്യമായി, ഏപ്രിൽ ലക്കം ഇസ്‌ലാഹ് മാസികയുടെ പേര് വെച്ച് ഒരു ഉദ്ധരണി മടവൂരീ വാരികയിൽ അവർ കൊടുത്തിട്ടുണ്ട്. ഇൻവർട്ടഡ് കോമയിട്ട് ഇസ്‌ലാഹിൽ നിന്ന് ഉദ്ധരിക്കുന്നുവെന്ന രൂപേണയാണ് ആ ഉദ്ധരണി കൊടുത്തിട്ടുള്ളത്. എന്നാൽ വസ്തുത എന്താണെന്നറിയേണ്ടേ? ഇവർ കൊടുത്തത് പോലെ ഒരു ഉദ്ധരണി പ്രസ്തുത ഇസ്‌ലാഹിൽ ഇല്ല. ശുദ്ധ തട്ടിപ്പാണത്. ഇസ്‌ലാഹ് എഴുതിയ കാര്യങ്ങൾക്ക് മറുപടി എഴുതാനാവില്ല എന്ന് മനസ്സിലാക്കി ഇസ്‌ലാഹ് എഴുതിയിട്ടില്ലാത്ത കാര്യങ്ങൾ സ്വന്തം വക എഴുതി അതിന് ഇസ്‌ലാഹിന്റെ പേരും വെച്ച് മറുപടി എന്ന പേരിൽ ചില നുണകൾ തട്ടി വിടുന്ന കടുത്ത തട്ടിപ്പാണ് മടവൂർ പുരോഹിതൻമാർ നടത്തിയിരിക്കുന്നത്. ആത്മാർത്ഥതയുണ്ടെങ്കിൽ മടവൂരികൾ കൊടുത്തത് പോലെയുള്ള ഒരു ഉദ്ധരണി പ്രസ്തുത ഇസ്‌ലാഹിൽ ഇവർ കാണിക്കട്ടെ. ആദർശത്തെ നേർക്കുനേർ നേരിടാൻ തന്റേടമുണ്ടെങ്കിൽ ഇസ്‌ലാഹ് എഴുതിയ കാര്യങ്ങൾ ശരിയായി ഉദ്ധരിച്ച് മറുപടി പറയട്ടെ. ''അലൈസ മിൻകും റജുലുൻ റഷീദ്''

ഒന്നാമതായി ഉദ്ധരണിയിൽ തന്നെ തട്ടിപ്പ്. മടവൂരീ മതക്കാരുടെ ആദർശത്തിന്റെ പവറ് തന്നെ!! രണ്ടാമതായി മടവൂരിസത്തിലെ 'മഹാ പണ്ഡിതന്റെ' മഹാ മണ്ടത്തരം കാണുക. അവർ എഴുതുന്നു: ''പരമകാരുണികൻ, കരുണാനിധി, തൗബ സ്വീകരിക്കുന്നവൻ, പാപങ്ങൾ പൊറുക്കുന്നവൻ, എല്ലാറ്റിനും കഴിവുള്ളവൻ, ഭക്ഷണം നൽകുന്നവൻ, ജീവിപ്പിക്കുന്നവൻ, മരിപ്പിക്കുന്നവൻ മുതലായ വിശേഷണങ്ങൾ അല്ലാഹുവുമായി ബന്ധപ്പെട്ടത് നമുക്ക് ഗ്രഹിക്കാൻ കഴിയുന്നത് പോലെ..........''

ഇവർക്ക് അല്ലാഹുവിന്റെ നാമങ്ങൾ (ഇസ്മുകൾ) എന്താണെന്നോ സ്വിഫത്തുകൾ (വിശേഷണങ്ങൾ) എന്താണെന്നോ തിരിഞ്ഞിട്ടില്ല എന്നതാണ് സത്യം. റഹ്മാൻ, റഹീം, ഗഫൂർ, റാസിക്, കാദിർ തുടങ്ങിയവ അല്ലാഹുവിന്റെ ഇസ്മുകളാണ്, സ്വിഫത്തുകളല്ല. മടവൂരികൾ അതിനെ

[1] 2009 ഏപ്രിൽ ലക്കം ഇസ്‌ലാഹിലൂടെ പ്രസിദ്ധീകരിച്ച പ്രസ്തുത ലേഖനമാണ് താഴെയുള്ളത്:
http://salafivoice.com/articles/Madavoor_Vibagam_Salafikalo_2.pdf

വിശേഷണങ്ങളാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ നാമങ്ങളിൽ വിശേഷണം ഉൾകൊള്ളാറുണ്ടെങ്കിലും പേരുകളും വിശേഷണങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. ഈ വിവരം അറിയില്ലെങ്കിൽ പഠിച്ചോളൂ. ഒന്നാമതായി, അല്ലാഹുവിന്റെ ഇസ്മുകളിൽ (നാമം) നിന്നാണ് സ്വിഫത്തുകൾ (വിശേഷണങ്ങൾ) പിടിച്ചെടുക്കുന്നത്. ഉദാഹരണമായി, റഹ്മാൻ എന്ന ഇസ്മിൽ നിന്നാണ് റഹ്മത്ത് എന്ന സ്വിഫത്ത് വരുന്നത്. രണ്ടാമതായി, അല്ലാഹുവിന്റെ പേരുകൾ അവന്റെ പ്രവർത്തികളിൽ (അഫ്ആൽ) നിന്ന് പിടിച്ചെടുക്കുകയില്ല. ഉദാഹരണമായി, അല്ലാഹുവിന്റെ അഫ്ആലുകളിൽ പെട്ടതാണ് കോപിക്കുക എന്നത്. എന്നാൽ ഇതിൽ നിന്ന് കോപിക്കുന്നവൻ (ഗാളിബ്) എന്ന് അല്ലാഹുവിന് പേര് പറയാനാവില്ല. അതേ സമയം അല്ലാഹുവിന്റെ വിശേഷണങ്ങൾ അവന്റെ അഫ്ആലുകളിൽ നിന്ന് പിടിച്ചെടുക്കും. കോപിക്കുക എന്നതിൽ നിന്നാണ് അല്ലാഹുവിന്റെ വിശേഷണമായ ഗളബ് (കോപം) പിടിച്ചെടുത്തത്. മൂന്നാമതായി, അടിമയായി പറയുന്ന വിഷയത്തിൽ (തഅ്ബീദ്) അല്ലാഹുവിന്റെ ഇസ്മുകൾ മാത്രമേ ഉപയോഗിക്കാവൂ. സ്വിഫത്തുകൾ പ്രയോഗിക്കാൻ പാടില്ല. ഏത് പോലെയെന്നാൽ, അബ്ദുൽ കരീം എന്ന് പറയാം. അബ്ദുൽ കറം എന്ന് പറയാൻ പാടില്ല. നാലാമതായി, പ്രാർത്ഥനാ വേളകളിൽ അല്ലാഹുവിന്റെ ഇസ്മുകൾ മാത്രമേ വിളിക്കാൻ പറ്റൂ. സ്വിഫത്തുകൾ പറ്റില്ല. ഉദാഹരണമായി, 'യാ കരീം' എന്ന് വിളിച്ച് പ്രാർത്ഥിക്കാം. അതേ സമയം 'യാ കറമുല്ലാ' എന്ന് പറയൽ അനുവദനീയമല്ല. ഇതൊന്നും തിരിയാതെയാണ് അല്ലാഹുവിന്റെ നാമ വിശേഷണങ്ങളെക്കുറിച്ച് മടവൂരികൾ പേനയുന്തിക്കൊണ്ടിരിക്കുന്നത്. മഹാകഷ്ടം തന്നെ!!

ഇനിയാണ് മടവൂരീ മതക്കാരുടെ തനിനിറം വായനക്കാർ കാണാൻ പോകുന്നത്. നുണ മത്സരം നടത്തി ശീലിച്ച ഇവർക്ക് ഏത് വമ്പൻ നുണയും യാതൊരു ഉളുപ്പുമില്ലാതെ തട്ടിവിടാൻ യാതൊരു മടിയും പേടിയുമില്ല എന്നതിന്റെ ഉദാഹരണം കൂടിയാണിത്. മടവൂരികളുടെ വരികൾ കാണുക: ''എന്നാൽ നവയാഥാസ്ഥിതികർ ഇവയെ അല്ലാഹുവിന്റെ വിശേഷണം (സ്വിഫാത്ത്) എന്ന് പറയുന്നുവെങ്കിലും ഇസ്ലാമിൽ നിന്ന് പുറത്ത് പോയ മുജസ്സിമത്തിന്റെയും കറാമിയ്യത്തിന്റെയും വാദം പോലെ അല്ലാഹുവിന്റെ അവയവങ്ങളായിട്ടാണ് മുസ്‌ലിംകൾക്കിടയിൽ അവതരിപ്പിക്കുന്നത്''

അല്ലാഹുവിൽ അഭയം. കള്ളൻമാർ നശിക്കട്ടെ. എന്തൊരു വമ്പൻ നുണയാണ് ഈ എഴുതി വിട്ടിരിക്കുന്നത്!!. കേരളത്തിലെ സലഫികൾ അല്ലാഹുവിനെക്കുറിച്ച് മുജസ്സിമിയാക്കൾ പറയും പോലെ അല്ലാഹുവിന് അവയവങ്ങൾ ഉണ്ട് എന്ന് പറയുന്നവരാണ് എന്നാണ് ഇവർ തട്ടി വിട്ടിരിക്കുന്നത്. കേരള ഖുബൂരികൾ പറഞ്ഞ് നടക്കുന്ന ഈ നുണ ഇതാ ഇപ്പോൾ നവ ഖുറാഫികളായ മടവൂരികളും ഏറ്റ് പിടിച്ചിരിക്കുന്നു. മടവൂരികൾ ഖുബൂരികളുടെ 'ബി' ടീം ആയി മാറിക്കഴിഞ്ഞു എന്നതിന്റെ തെളിവുകൂടിയാണിത്. കാരണം, തിരഞ്ഞെടുത്ത നുണകളുള്ള നേതാവിന്റെ അനുയായികളും നുണമത്സരം നടത്തിയവരുടെ അനുയായികളും തമ്മിൽ വലിയ ദൂരമൊന്നുമില്ലല്ലോ. ചോദിക്കട്ടെ, ഏപ്രിൽ ലക്കം ഇസ്‌ലാഹിലെ ലേഖനത്തിനാണല്ലോ നിങ്ങളുടെ മറുപടി. പ്രസ്തുത ലേഖനത്തിൽ അല്ലാഹുവിന്റെ സ്വിഫാത്തുകളെക്കുറിച്ച് അല്ലാഹുവിന്റെ അവയവങ്ങളാണവ എന്ന് എഴുതിയതായി തെളിയിക്കാൻ നിങ്ങൾക്ക് കഴിയുമോ? പോകട്ടെ, സലഫികളിൽ ആരെങ്കിലും അങ്ങനെ എഴുതിയിട്ടുണ്ടെങ്കിൽ മടവൂരികൾ തെളിയിക്കട്ടെ. തീർന്നില്ല. മടവൂരീ പുരോഹിതർ നുണ തുടരുന്നു: ''ഇവയുടെ യഥാർത്ഥ രൂപം നമുക്കറിയില്ല എന്ന് ഇവർ പറയുന്നത് ഈ അവയവങ്ങൾ മനുഷ്യന്റേത് പോലെയാണോ അതല്ല, മൃഗങ്ങളുടേത് പോലെയാണോ എന്ന് നമുക്കറിയില്ല എന്ന വീക്ഷണത്തിലുമാണ്''

നുണയൻമാരേ, ഈ എഴുതിയത് പോലെ കേരളത്തിലെ സലഫികളിൽ ആരെങ്കിലും എഴുതിയതായി തെളിയിക്കാൻ മടവൂർ പുരോഹിതൻമാർക്ക് സാധ്യമാണോ? ഉണ്ടെങ്കിൽ ഉദ്ധരിക്ക്. പെരും നുണ എഴുതി വിടുന്നതിന് മുമ്പ് അതാണ് ചെയ്യേണ്ടത്. എന്ത് നുണയും എഴുതി വിട്ടാൽ നിങ്ങളുടെ അനുയായിക്കൂട്ടം തൊണ്ട തൊടാതെ വിഴുങ്ങിക്കൊള്ളും എന്ന ഉത്തമ വിശ്വാസമായിരിക്കാം ഇത്തരത്തിൽ നുണകൾ എഴുതി വിടാൻ ഇവരെ പ്രേരിപ്പിക്കുന്നത്.

തീർന്നില്ല, ഇതാ വരുന്നു മടവൂരികളുടെ അടുത്ത നുണ. സൂപ്പർ നുണ. മടവൂരീ പുരോഹിതൻമാരുടെ തനിനിറം വായനക്കാർ ഒന്ന് കണ്ടോളൂ. മടവൂരികൾ പറയുന്നു: ''അമാനി മൗലവി,

എ. അലവി മൗലവി, കെ.പി മുഹമ്മദ് മൗലവി, മൂസ മൗലവി മുതലായവരെല്ലാം ഇ.കെ ഹസ്സൻ മുസ്‌ലിയാരെപ്പോലെ തൗഹീദിൽ നിന്ന് വ്യതിചലിച്ചവരാണെന്ന് ഇവർ ജൽപ്പിക്കാൻ കാരണം സന്ദർഭത്തിനനുസരിച്ച് ഇത്തരം സൂക്തങ്ങളെ വ്യാഖ്യാനിച്ചതാണ്''

മടവൂരികളേ, നിങ്ങൾക്ക് എന്ത് പറ്റിപ്പോയി? ഇത്തരത്തിൽ വെള്ളം ചേർക്കാത്ത നുണകൾ കാച്ചി വിടുമ്പോൾ നിങ്ങൾക്ക് ഒരു മനസ്സാക്ഷിക്കുത്തും അനുഭവപ്പെടുന്നില്ലേ? ആദർശത്തെ നേരിടാൻ നിങ്ങൾക്കാവില്ലെങ്കിൽ അതങ്ങ് തുറന്ന് പറയുക. അതല്ലാതെ ഇമ്മാതിരി ഹിമാലയൻ നുണകൾ എന്തിന് നിങ്ങൾ എഴുതണം? ഈ കളവ് എഴുതി വിട്ടവരോട് ഒന്ന് ചോദിച്ചോട്ടെ. നിങ്ങൾ ഈ എഴുതിയത് പോലെ കേരള മുജാഹിദുകളിൽ ആരെങ്കിലുമൊരാൾ എവിടെയെങ്കിലും എഴുതിയതായി തെളിയിക്കാൻ നിങ്ങൾക്ക് കഴിയുമോ? പരലോകം എന്നത് സത്യമാണെന്നത് മറക്കേണ്ട. അതല്ല, അതും സാഹിത്യ പ്രയോഗമാണെന്നും വിമർശിക്കപ്പെടാൻ സാധ്യതയുണ്ടെന്നും മഹാനായ മുഹദ്ദിസ് കണ്ടെത്തിയിട്ടുണ്ടോ? ഇനി മടവൂരികൾ അവരുടെ ഒരു സ്വപ്നത്തെക്കുറിച്ച് പറയുന്നത് നോക്കുക: ''പ്രാർത്ഥന, ആരാധന, അദൃശ്യമാർഗ്ഗം, അഭൗതിക മാർഗ്ഗം, കാര്യകാരണ ബന്ധത്തിന് അതീതം, മുതലായ പദങ്ങളുടെ വ്യാഖ്യാനത്തിൽ ഇവർക്ക് തൗഹീദിൽ വ്യതിയാനം സംഭവിച്ചത് പോലെ ഈ വിഷയത്തിലും വ്യക്തമായ വ്യതിയാനം സംഭവിച്ചിരിക്കുകയാണ്''

ഉഗ്രനായിരിക്കുന്നു. മേൽ പറയപ്പട്ട വിഷയങ്ങളിൽ കേരളത്തിലെ സലഫികൾക്ക് വ്യതിയാനം വന്നുവെന്ന് തട്ടി വിടുന്ന മടവൂരികൾ ആദ്യം ചെയ്യേണ്ടിയിരുന്നത്, അത്തരം വ്യതിയാനങ്ങൾ അക്കമിട്ട് ചൂണ്ടിക്കാണിക്കുകയായിരുന്നു. അതിന് സാധ്യമല്ല എന്ന് ഉറപ്പുള്ളതിനാൽ കണ്ണ് ചിമ്മി ആകാശത്തേക്ക് വെടി വെക്കുകയാണ്. അപ്രകാരം തന്നെ അല്ലാഹുവിന്റെ സ്വിഫാത്തിന്റെ വിഷയങ്ങളിലുള്ള നിലപാടിലും വ്യതിയാനം വന്നു എന്നതാണല്ലോ മറ്റൊരു ആരോപണം. ഏപ്രിൽ ലക്കം ഇസ്‌ലാഹിൽ വന്ന ഭാഗം വായനക്കാർ ഒന്നു കൂടി വായിക്കുക. എന്നിട്ട് തീരുമാനിക്കുക. വ്യതിയാനം സലഫികൾക്കോ അതോ മുഅ്തസിലീ കുഴലൂത്തുകാരായ മടവൂരികൾക്കോ?

''അസ്മാഉ വസ്സിഫാത്ത് (അല്ലാഹുവിന്റെ നാമ വിശേഷണങ്ങൾ) വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമായത് കൊണ്ട് തന്നെ പ്രമാണങ്ങൾക്കുള്ളിൽ ഒതുങ്ങി നിന്ന് കൊണ്ടാണ് നമ്മുടെ മുൻഗാമികൾ ഈ വിഷയത്തെ സമീപിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ നാമ വിശേഷണങ്ങളിൽ വന്നിട്ടുള്ള ക്വുർആനിന്റെയും സുന്നത്തിന്റെയും ഖണ്ഡിതമായ തെളിവുകളെ അവയുടെ ബാഹ്യമായ ആശയങ്ങളിൽ തന്നെ മനസ്സിലാക്കുകയും അതേ സമയം അല്ലാഹുവിന്റെ മഹത്വത്തിന് യോജിച്ച വിധത്തിൽ അവയുടെ യാഥാർത്ഥ്യം നാം ഉൾകൊള്ളുകയും ചെയ്യുക എന്നതാണ് ഈ വിഷയത്തിലെ സലഫീ നിലപാട്. ഇത്തരം വിഷയങ്ങളിൽ പ്രമാണങ്ങളിൽ ഭേതഗതി (തഹ്‌രീഫ്) വരുത്തുകയോ അവയെ നിഷേധിക്കുകയോ (തഅ്ത്തീൽ) അവയെ സൃഷ്ടികളോട് ഉപമിച്ച് പറയുകയോ (തംഥീൽ) അവക്ക് രൂപം പറയുന്നതോ (തക്‌യീഫ്) എല്ലാം തന്നെ വഴികേടാണ് എന്നതാണ് അഹ്‌ലുസ്സുന്നയുടെ യഥാർത്ഥ വിശ്വാസം'' (ഇസ്‌ലാഹ് മാസിക 2009 ഏപ്രിൽ).

ഇതിൽ എവിടെയാണ് വ്യതിയാനമുള്ളത്? മടവൂരികൾ ചൂണ്ടിക്കാണിക്കട്ടെ. ഇത് വ്യതിയാനമാണ് എന്ന നിലപാടെങ്കിൽ സലഫീ മാർഗ്ഗത്തിൽ നിന്ന് മടവൂരികൾ ബഹുദൂരം അകന്നിരിക്കുന്നു എന്ന് ഉറപ്പിച്ചോളൂ. കാരണം ഇതാണ് സലഫികളുടെ നിലപാട് എന്നതിന് നിരവധി പണ്ഡിതൻമാരുടെ ഉദ്ധരണികൾ ഏപ്രിൽ ലക്കം ഇസ്‌ലാഹിൽ നാം ഉദ്ധരിച്ചിരുന്നു. അതിനെക്കുറിച്ച് ക.മ മിണ്ടാൻ മടവൂരികൾക്ക് കഴിഞ്ഞിട്ടില്ല. ഇനി മുജാഹിദ് പ്രസ്ഥാനത്തിന്റെ ഈ വിഷയത്തിലുള്ള നിലപാട് എന്തായിരുന്നു എന്നുകൂടി പരിശോധിക്കാം. മടവൂരികൾ പറയുന്നത് പോലെ അല്ലാഹുവിന്റെ സ്വിഫാത്തുകളെ വ്യാഖ്യാനിക്കണോ എന്നതായിരുന്നോ കേരളത്തിലെ സലഫികളുടെ മുൻകാല നിലപാട്? ഈ വിഷയത്തിൽ അമാനി മൗലവി (رحمه الله)യുടെ വാചകം നാം ഉദ്ധരിച്ചത് ഇവിടെ സ്മരിക്കുക. കൂടാതെ 1991ൽ എൻ. കെ. അഹമ്മദ് മൗലവി (رحمه الله) പ്രസിദ്ധീകരിച്ച ശൈഖ് അഹമ്മദ് ബിൻ ഹജറിന്റെ 'തൗഹീദ് പ്രമാണങ്ങളുടെ വെളിച്ചത്തിൽ' എന്ന ഗ്രന്ഥത്തിൽ ഈ വിഷയം കൃത്യമായി തന്നെ മുജാഹിദുകൾ ജന

ങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. എൻ.കെ യുടെ വാക്കുകൾ കാണുക: ''അല്ലാഹുവിന്റേതായി ഖുർആനിലും ഹദീസിലും പറയപ്പെട്ട ഏത് സ്വിഫത്തും (വിശേഷണവും) യാതൊരു വ്യാഖ്യാനവും നൽകാതെ അതേ പടി അംഗീകരിക്കുകയും അതിൽ അപ്പടി വിശ്വസിക്കുകയും അല്ലാഹുവിന്റെ ഗുണങ്ങളത്രെയും അദൃശ്യകാര്യങ്ങളിൽ പെട്ടവയായത് കൊണ്ട് അവയുടെ സാക്ഷാൽ രൂപത്തെ പറ്റി അന്വേഷിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് സലഫീമാർഗ്ഗം.'' (പേജ്. 13) ഇത് എൻ. കെ യുടെ സ്വന്തം അഭിപ്രായമായിരുന്നില്ല. ഈ പുസ്തകത്തെ ഒരിക്കലും മടവൂരികൾക്ക് തള്ളാനുമാവില്ല. കാരണം ഇത് പരുശോധിക്കുകയും അവതാരിക എഴുതിക്കൊടുക്കുകയും ചെയ്തവരിൽ ഒരാൾ കെ. പി. മുഹമ്മദ് മൗലവിയും മറ്റൊരാൾ വിഘടിതരുടെ ഇപ്പോഴത്തെ സംസ്ഥാനത്തെ പ്രസിഡന്റുമാണ്. ഈ ആദർശത്തിൽ നിന്ന് ഇപ്പോൾ ആരാണ് വ്യതിചലിച്ചത്? വായനക്കാർ വിലയിരുത്തുക. ഇനി പ്രസ്തുത ഗ്രന്ഥത്തിൽ ഈ വിഷയം ചർച്ചചെയ്ത ഭാഗം കൂടി കാണുക. ''അല്ലാഹുവിനുണ്ടെന്ന് അവൻതന്നെയോ അവന്റെ ദൂതനോ പറഞ്ഞുതന്നിട്ടുള്ളവ മാത്രമാണ് അവന്റെ സ്വിഫത്തുകൾ (വിശേഷണങ്ങൾ). അവയിൽ യാതൊരു വളച്ചൊടിക്കലും കൂടാതെ അതേപടി വിശ്വസിക്കൽ നിർബന്ധവുമാകുന്നു. അപ്പോൾ അല്ലാഹുവിന് ഖുർആനിലും ബലപ്പെട്ട ഹദീസുകളിലും വന്ന എല്ലാ നാമങ്ങളും വിശേഷണങ്ങളും യുക്തിയുടേയും ശാസ്ത്രത്തിന്റേയും പേരുപറഞ്ഞ് വ്യാഖ്യാനിക്കാൻ മെനക്കെടാതെ അതേപടി അംഗീകരിക്കുകയും അവയിൽ അടിയുറച്ച് വിശ്വസിക്കുകയും ചെയ്യുക എന്നതാണ് ഓരോ സത്യവിശ്വാസിയുടേയും കടമ''. (പേജ് 129)

ഇനി പറയൂ, ഈ നിലപാടിൽ നിന്ന് ഇപ്പോൾ ആർക്കാണ് വ്യതിയാനം വന്നത്? മാത്രവുമല്ല അല്ലാഹുവിന്റെ നാമവിശേഷണങ്ങളെ വ്യാഖ്യാനിക്കാതെ തന്നെ വിശ്വസിക്കണമെന്ന് ശബാബും എഴുതിയിട്ടുണ്ടല്ലോ. ചില ഉദ്ധരണികൾ കാണുക: ''അല്ലാഹു പറയുന്നു: പരമകാരുണികൻ സിംഹാസനത്തിൽ ആരോഹിതാനായിരിക്കുന്നു'' (ഖുർആൻ 20:5) ഈ വചനത്തിലും മറ്റനേകം വചനങ്ങളിലുമുള്ള ആരോഹണം (ഇസ്തിവാഅ്) എന്ന പദം നമുക്ക് അറിയാവുന്നതാണ്. അത് വിശ്വസിക്കൽ നമ്മുടെ ബാധ്യതയുമാണ്. എന്നാൽ ആരോഹണത്തിന്റെ രൂപം നമുക്ക് അറിഞ്ഞുകൂടാ. അതിനാൽ നാം അല്ലാഹുവിന്റെ സിംഹാസനാരോഹണത്തെ മനുഷ്യർ കസേരയിലിരിക്കുന്നതിനോടോ മറ്റോ ഉപമിക്കാവതല്ല. അപ്രകാരം അതിനെ അധികാരമേറ്റെടുക്കാലായി വ്യാഖ്യാനിക്കാവുതുമല്ല. ഇതുതന്നെയാണ് അല്ലാഹുവിന്റെ ജീവൻ, ജ്ഞാനം, കാഴ്ച, കേൾവി, ശക്തി, സ്നേഹം, കോപം, തൃപ്തി, അവന്റെ മുഖം, കണ്ണുകൾ, കൈകൾ, ഒന്നാം ആകാശത്തേക്കുള്ള ഇറക്കം, പരലോകത്ത് വിചാരണക്കായുള്ള വരവ് തുടങ്ങിയ ഖുർആനിലോ ഹദീസുകളിലോ പ്രസ്താവിക്കപ്പെട്ട മുഴുവൻ ഗുണവിശേഷണങ്ങളുടെയും പ്രവർത്തനങ്ങളുടെയും അവസ്ഥ'' (ശബാബ് 1999 ആഗസ്ത് 27 പേജ് 10) വീണ്ടും എഴുതുന്നു: ''അതെ, ഖുർആനിലും ഹദീസുകളിലും സ്ഥിരപ്പെട്ട അല്ലാഹുവിന്റെ സവിശേഷതകൾ (സ്വിഫത്തുകൾ) അക്ഷരാർത്ഥത്തിൽ വിശ്വസിക്കുക. അവ എങ്ങനെയെന്ന് വിചന്തനം ചെയ്യാതിരിക്കുക. കാരണം അവ മനുഷ്യധിഷണയുടെ സീമകൾക്ക് അപ്പുറമാണ്.'' (ശബാബ് 1999 സെപ്തബർ 3 പേജ് 11) ഇത് എഴുതിയത് മടവൂരീ പുരോഹിത സഭയിലെ ഒരു അംഗമാണ്. എന്നാൽ ഇതിന് നേരെ വിപരീതമാണ് മടവൂരീ പുരോഹിത സഭയിലെ 'മുഹദ്ദിസ്' ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്നത്!

ഇത് വരെ വായനക്കാർ കണ്ടത് മടവൂർ വിഭാഗത്തിലെ പുരോഹിതൻമാരുടെ നുണകളാണ്. അടുത്തത് കടുത്ത ഒരു തട്ടിപ്പാണ് കാണാൻ പോകുന്നത്. ശുദ്ധ മലയാളത്തിൽ എഴുതപ്പെട്ട അമാനി മൗലവിയുടെ ഖുർആൻ വ്യാഖ്യാനത്തിൽ നടത്തിയ തട്ടിപ്പ്. ഈ നുണകളും തട്ടിപ്പുകളുമെല്ലാം കേവലം രണ്ട് പേജുള്ള ഒരു ലേഖനത്തിലാണെന്നത് വായനക്കാർ മനസ്സിലാക്കണം. അപ്പോൾ പിന്നെ ഇവരുടെ ഗ്രന്ഥങ്ങളുടെ അവസ്ഥ നമുക്ക് ഊഹിക്കാമല്ലോ. ഇനി തട്ടിപ്പ് കാണുക. അമാനി മൗലവി(رحمه الله) അല്ലാഹുവിന്റെ സ്വിഫാത്തുകളെ വ്യാഖ്യാനിച്ചൊപ്പിക്കണം എന്ന വാദക്കാരനാണെന്ന് തെറ്റിദ്ധരിപ്പിക്കാൻ അദ്ദേഹത്തിന്റെ തഫ്സീറിൽ നിന്ന് ഒരു ഉദ്ധരണി ഇവർ കൊടുത്തിട്ടുണ്ട്. 1/234 ൽ നിന്നാണ് ഉദ്ധരണി. ഒരു ഉദ്ധരണി കൊടുക്കുമ്പോൾ അത് പരിപൂർണമായും ഉദ്ധരിക്കുക എന്നത് സാമാന്യ മര്യാദയുള്ള എല്ലാവരും പാലിക്കുന്ന ഒരു സംഗതിയാണല്ലോ. എന്നാൽ ഗ്രന്ഥങ്ങളിൽ തിരിമറി നടത്തുന്നതിൽ നോബൽ സമ്മാനം വരെ നേടാൻ അർഹതയുള്ള മടവൂരീ 'മുഹദ്ദിസ്' ഇവിടെയും ക്രൂരമായ ഒരു തട്ടിപ്പ് നടത്തിയിരിക്കു

ന്നു. അമാനി മൗലവി പറഞ്ഞ അദ്ദേഹത്തിന്റെ നിലപാട് വിശദീകരിക്കുന്ന ഭാഗം വിട്ട് കളഞ്ഞ് പിൽക്കാലക്കാരായ ചിലരുടെ വാദം അമാനി മൗലവി ഉദ്ധരിച്ചത് അമാനി മൗലവിയുടെ ആദർശമാക്കി ഉദ്ധരിച്ചിരിക്കുന്നു!!. മലയാളമറിയുന്ന മാന്യ വായനക്കാർ അമാനി മൗലവിയുടെ ക്വുർആൻ വിവരണത്തിന്റെ 1/234 എടുത്ത് പരിശോധിക്കുക. അപ്പോൾ മടവൂരീ പുരോഹിതർ നടത്തിയ തട്ടിപ്പ് നിങ്ങൾക്ക് നേരിൽ കാണാവുന്നതാണ്. മാത്രവുമല്ല, ഇവർ ഉദ്ധരിച്ച ഉദ്ധരണി യിൽ തന്നെ 'രണ്ട് കൂട്ടരുടെയും ലക്ഷ്യം' എന്ന വാചകമുണ്ട്. ഏതാണീ രണ്ട് കൂട്ടർ? മടവൂരി കൾ ഉദ്ധരിച്ചതിൽ ഒരു കൂട്ടർ മാത്രമേയുള്ളൂ. ആദ്യകൂട്ടർ–സലഫുകൾ– ഇല്ല. ഇനി മടവൂരികൾ ഉദ്ധരിക്കാതെ കട്ട് മുറിച്ച അമാനി മൗലവിയുടെ വാചകങ്ങൾ കാണുക: ''അല്ലാഹുവിന്റെ മുഖം (വജ്ഹുല്ലാഹി), അല്ലാഹുവിന്റെ കൈ (യദുല്ലാഹി) എന്നൊക്കെ ഖുർആനിലോ ഹദീസിലോ പ്രയോഗിച്ച് കാണുമ്പോൾ, അതൊന്നും സ്വന്തം വകയായി വ്യാഖ്യാനങ്ങൾ നൽകാതെ വാക്കിന്റെ അർത്ഥം നമുക്കറിയാം അതിന്റെ യാഥാർത്ഥ്യം എന്താണെന്ന് നമുക്കറിഞ്ഞു കൂടാ എന്ന് പറയലാണ് മുൻഗാമികളായ (സലഫ്) മഹാൻമാരുടെ പതിവ്. അവരതിൽ വിശ്വസിക്കു കയും യഥാർത്ഥം അല്ലാഹുവിനറിയാമെന്ന് വെച്ച് വിട്ടേക്കുകയും ചെയ്യും''

ഇതാണ് മടവൂരികൾ വിട്ട് കളഞ്ഞത്. ഇതാണ് വിഷയത്തിന്റെ മർമ്മവും അമാനി മൗലവിയുടെ നിലപാടും. ശേഷം ''പിൻഗാമികളിൽ (ഖലഫ്) പലരും സന്ദർഭത്തിനൊത്ത് അവക്ക് ചില വ്യാഖ്യാനം നൽകുകയാണ് പതിവ്.........'' എന്നിങ്ങനെ ഖലഫിന്റെ വാദവും അദ്ദേഹം ഉദ്ധരി ക്കുന്നുണ്ട്. എന്നാൽ അല്ലാഹുവിന്റെ സ്വിഫാത്തുകളുടെ വിഷയത്തിൽ മടവൂരികൾ കൈക്രിയ നടത്തി തെറ്റിദ്ധരിപ്പിച്ചത് പോലെ 'ഖലഫി'ന്റെ നിലപാടല്ല അമാനി മൗലവിക്കുള്ളത്. പിന്നെ യോ?, അദ്ദേഹം തന്നെ പറയട്ടെ. മടവൂരികൾ കണ്ണ് തുറന്ന് വായിക്കുക:

''പരമകാരുണികനായുള്ളവൻ അർശിൽ (സിംഹാസനത്തിൽ) ആരോഹണം ചെയ്തിരിക്കുന്നു എന്ന് പറഞ്ഞതിലെ 'ആരോഹണ'ത്തിന്റെ രൂപം എന്താണെന്ന് നമുക്ക് അറിയുക സാധ്യമല്ല. അപ്രകാരം തന്നെ അല്ലാഹുവിന്റെ തിരുനാമങ്ങളുടെയും ഉൽകൃഷ്ട ഗുണ വിശേഷണങ്ങളു ടെയും യാഥാർത്ഥ്യത്തെക്കുറിച്ചും നമുക്കധികമൊന്നും അറിയുവാൻ കഴിയില്ല. സൃഷ്ടികളിൽ നിന്ന് സകല വിധേനയും വ്യത്യസ്തനും അത്യുന്നതനും പരമ പരിശുദ്ധനുമായ അല്ലാഹുവിനെ സംബന്ധിച്ച് അവൻ തന്നെ നമുക്ക് അറിയിച്ച് തന്നിട്ടുള്ളതെല്ലാം വാസ്തവവും പരമാർത്ഥവു മാണെന്ന് നാം ധരിക്കുകയും വിശ്വസിക്കുകയും വേണം. ഇത്തരം വിഷയങ്ങളിൽ ഇമാം മാലി ക്(റ) പോലെയുള്ള മുൻഗാമികളായ മഹാ പണ്ഡിതൻമാർ സ്വികരിച്ച നയമാണ് ഏറ്റവും സുര ക്ഷിതമായിട്ടുള്ളത്. ആരോഹണത്തെ സംബന്ധിച്ച് അദ്ദേഹം പറയുന്നത് ഇങ്ങനെയാകുന്നു. ''ആരോഹണം എന്നത് നമുക്കറിയാം. അതിന്റെ രൂപം നമുക്ക് അജ്ഞാതമാകുന്നു''. എന്നാൽ പിൽകാലക്കാരായ പണ്ഡിതൻമാരിൽ ഒരു വിഭാഗക്കാർ ഇത്തരം വിഷയങ്ങളിൽ തഅ്വീൽ എന്ന പേരിൽ അറിയപ്പെടുന്ന ഒരു പുതിയ നയം സ്വീകരിക്കാറുണ്ട്. അതായത്, സന്ദർഭങ്ങളോട് യോജിക്കുമെന്ന് കാണപ്പെടുന്ന ഒരു വ്യാഖ്യാനം കൊടുത്ത് യോജിപ്പിക്കുക എന്നാണ് അത് കൊണ്ട് വിവക്ഷ. മുൻഗാമികൾ സ്വീകരിച്ച് വന്ന നയമാണ് കൂടുതൽ സുരക്ഷിതമായി നാം കാണുന്നത്. അതിൽ പിഴവും അബദ്ധവും പിണയുവാനില്ല'' (ക്വുർആൻ വിവരണം 3/1975).

നോക്കൂ. എത്ര കൃത്യമായിട്ടാണ് അമാനി മൗലവി തന്റെ നിലപാട് വ്യക്തമാക്കിയിരിക്കുന്നതെ ന്ന്. പിൻഗാമികളുടെ തഅ്വീലിന്റെ മാർഗ്ഗമാണ് അമാനി മൗലവിയുടേതെന്ന് തെറ്റിദ്ധരിപ്പി ക്കുന്നവർക്ക് നേരിട്ട അടിയാണ് ഈ ഉദ്ധരണി. അതിനാൽ തങ്ങളുടെ തോന്ന്യാസങ്ങൾക്ക് അമാനി മൗലവിയെ മറയാക്കുന്ന ഈ ഏർപ്പാട് ഇവരുടെ കാപട്യം മലയാളികൾക്ക് ഒന്നുകൂടി ബോധ്യപ്പെടാൻ മാത്രമേ ഉപകരിക്കൂ. അതെ, സത്യം വന്നു, അസത്യം തകർന്നു, അസത്യം തക രുക തന്നെ ചെയ്യും.

പിന്നീട്, സ്വഹാബികളും മുഫസ്സിറുകളും മുഹദ്ദിസുകളും മടവൂരികളെപ്പോലെ അല്ലാഹുവിന്റെ സ്വിഫാത്തുകളെ വ്യാഖ്യാനിക്കുന്നവരായിരുന്നു എന്ന് വരുത്തിത്തീർക്കാനും മടവൂരികൾ ശ്രമി ക്കുന്നുണ്ട്. എങ്കിൽ ഒന്ന് ചോദിച്ചോട്ടെ, അല്ലാഹുവിന്റെ ഇറക്കം എന്നത് ആലങ്കാരികം മാത്ര മാണ്, യാഥാർത്ഥ്യമല്ല, അല്ലാഹു കൈ നീട്ടും എന്നത് സാഹിത്യപ്രയോഗമാണ്, അല്ലാഹുവിന് ഹഖ്വ് ഇല്ല തുടങ്ങി മടവൂരികൾ എഴുതി വിട്ടത് പോലെ ഏതെങ്കിലുമൊരു സ്വഹാബി പറഞ്ഞ

തായി സ്വഹീഹായ സനദിലൂടെ തെളിയിക്കാൻ നിങ്ങൾക്ക് കഴിയുമോ? ഉണ്ടെങ്കിൽ അതാണ് കാണേണ്ടത്. അതിനാൽ തങ്ങളുടെ ബുദ്ധിയിൽ വരുന്ന വ്യാഖ്യാനങ്ങൾ നൽകി സ്വിഫാത്തുകളെ നിഷേധിക്കുന്ന മടവൂരികളുടെ നിലപാടായിരുന്നു സ്വഹാബികൾക്കും മുൻഗാമികൾക്കും ഉണ്ടായിരുന്നത് എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം തികഞ്ഞ വഞ്ചനയാണ്.

അല്ലാഹുവിന്റെ സ്വിഫാത്തുകളെ നിഷേധിക്കുക മാത്രമല്ല, ഖുറാഫികളെപ്പോലെ അല്ലാഹുവിന്റെ സ്വിഫാത്തുകളെ പരിഹസിക്കാനും മടവൂരികൾ ധൃഷ്ടരായിക്കൊണ്ടിരിക്കുന്നു എന്നതാണ് ഖേദകരമായ സംഭവം. ''അല്ലാഹു ഇറങ്ങുകയാണെങ്കിൽ എപ്പോഴാണ് ഇറങ്ങുക, ഇവിടെ രാത്രിയാകുമ്പോൾ അമേരിക്കയിൽ പകലല്ലേ, ഇറങ്ങുമ്പോൾ അർശ് കാലിയാകില്ലേ'' തുടങ്ങിയ മരമണ്ടൻ ചോദ്യങ്ങൾ ഖുറാഫികളിൽ നിന്ന് കേട്ടുപഠിച്ച് ഇപ്പോൾ മടവൂരികളും ചോദിക്കാൻ തുടങ്ങിയിരിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ നുസൂലിനെക്കുറിച്ച് (ഇറക്കം) കെ.പി മുഹമ്മദ് മൗലവി (رحمه الله) എഴുതിയത് മടവൂരികൾ കണ്ണുതുറന്ന് വായിക്കട്ടെ. ''ഹാഫിളു ഇബ്നുൽഖയ്യിം رحمه الله പറയുന്നു: അല്ലാഹു ഒന്നാം ആകാശത്തേക്ക് ഇറങ്ങി വരുമെന്നത് നബിയിൽ നിന്ന് മുതവാതിറായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇരുപത്തിയെട്ടോളം സ്വഹാബികൾ ആ ഹദീസ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. നബി(ﷺ) എല്ലാ സ്ഥലത്തും സദസ്സുകളിലും ഈ സന്ദേശം എത്തിച്ചിരുന്നുവെന്ന് ഇത് തെളിയിക്കുന്നു'' (മുഖ്തസറുസ്സവാഇഖിൽ മുർസല–പേജ് 380). ഹദീസുകളിൽ വന്ന പോലെ, വ്യാഖ്യാനമോ നിഷേധമോ രൂപകൽപ്പനയോ കൂടാതെ അതപ്പടി സ്വീകരിക്കുക എന്നതാണ് (അല്ലാഹുവിന്റെ വിശേഷണങ്ങളിലും നാമങ്ങളിലും പ്രവൃത്തികളിലും) പൂർവ്വിക മുസ്‌ലിംകൾ സ്വീകരിച്ചിരിക്കുന്ന നിലപാട്. എന്നാൽ പിൽക്കാലക്കാർ ചിലർ അല്ലാഹുവിന്റെ ഈ വിശേഷഗുണത്തെ തീരെ നിഷേധിക്കുന്നു. അല്ലാഹു ഇറങ്ങി വരിക എന്ന പ്രശ്നമേയില്ല എന്നതാണ് അവരുടെ നിഗമനം. ചിലർ അല്ലാഹുവിന്റെ ഇറങ്ങി വരവിനെ സൃഷ്ടികളുടേതിനോട് തുല്യപ്പെടുത്തുകയും അപ്പോൾ സിംഹാസനം ഒഴിവാകുകയും ചെയ്യും എന്നു അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതു വളരെ അപകടകരവും തെറ്റായതുമായ വിശ്വാസമാണെന്നതിൽ സംശയമില്ല'' (വിശ്വാസം–കെ.പി മുഹമ്മദ് മൗലവി 1/137). അതിനാൽ തങ്ങളുടെ മുഅ്തസിലത്തും അശ്അരിയ്യത്തും കേരളമണ്ണിൽ ഇറക്കുമതി ചെയ്യാൻ മടവൂരികൾ നടത്തുന്ന കുതന്ത്രങ്ങളെ മുജാഹിദുകൾ കരുതിയിരിക്കണം. അല്ലാഹുവിന്റെ സ്വിഫാത്തുകളുടെ വിഷയത്തിൽ ഇത്ര വഴികേടിലായ ഈ വിഭാഗമാണ് ഇപ്പോൾ സലഫികൾക്ക് ആദർശം പഠിപ്പിക്കാൻ ശ്രമിക്കുന്നത്. പാവം! ഇപ്രകാരം തന്നെ സലഫിയായി റാസിയെയും മടവൂരികൾ ഉദ്ധരിച്ചിട്ടുണ്ട്! റാസിയുടെ 'സലഫിയ്യത്താ'ണ് മടവൂരികളുടേത് എന്ന് തുറന്ന് പറഞ്ഞതിൽ സന്തോഷമുണ്ട്. ഒപ്പം റാസി സലഫിയാണോ എന്ന് മടവൂരികൾ ഒന്ന് വിശദീകരിച്ചാൽ നന്നായിരുന്നു.